# Seek God whole heartedly

## പൂർണ്ണ ഹൃദയത്തോടെ യഹോവയെ അന്വേഷിക്കുക (1ദിന:28:9)




ഒരു പിതാവ് മകനു നൽകുന്ന ഏറ്റവും നല്ല ഉപദേശമാണ് രാജാവായ ദാവീദ് തന്റെ മകനായ ശലോമോന് നൽകിയത്. വെല്ലൂർ മെഡിക്കൽ കോളേജിൽ ആശുപത്രി സന്ദർശനം നടത്തിയ ഒരു ദൈവദാസൻ തന്റെ ഹൃദയത്തെ തകർത്ത ഒരു കാഴ്ച രേഖപ്പെടുത്തിയത് വായിക്കുകയുണ്ടായി. അമ്മ ഇല്ലാത്ത മകന് വേണ്ടതെല്ലാം നൽകി വളർത്തിയ ഒരു പിതാവിന്റെ വിലാപമാണ് ആ ദൈവദാസന്റെ ഹൃദയത്തെ തകർത്തത്. അവൻ എന്താവശ്യപ്പെട്ടാലും അത് നൽകി. അവന്റെ ആഗ്രഹമറിഞ്ഞു പ്രവർത്തിച്ചു എന്നു കരുതിയ പിതാവ് തന്റെ പരാജയം മനസ്സിലാക്കിയപ്പോഴേയ്ക്കും ഏകമകൻ ലോകത്തോടു യാത്ര പറഞ്ഞു കഴിഞ്ഞിരുന്നു. പുതിയ ജീവിതസുഖങ്ങളും സന്തോഷങ്ങളും തേടാതെ ആരെ അന്വേഷിക്കണമെന്ന് പറഞ്ഞു കൊടുത്തില്ലല്ലോ എന്ന് പറഞ്ഞ് പിതാവ് ഇനി കരഞ്ഞിട്ട് ഒരു പ്രയോജനവുമില്ല. New gen മക്കൾക്ക് യഹോവയെ അന്വേഷിക്കുന്നത് മിനക്കെട്ട കാര്യമായി തോന്നാം. 1ദിന:(28:9) ലെ ദാവീദ് എന്ന പിതാവിന്റെ ഉപദേശം നിങ്ങളുടെ മക്കൾക്ക് കാട്ടിക്കൊടുക്കുക അല്ലെങ്കിൽ നിങ്ങളും വിലപിക്കേണ്ടി വരും .

'Seeking The Lord'means seeking His presence. ദൈവം സർവ്വശക്തനും സർവ്വവ്യാപിയുമാകയാൽ തന്റെ സാന്നിദ്ധ്യവും ശ്രദ്ധയും എല്ലായിടത്തും എല്ലാത്തിലും ഉണ്ടാകുന്നു. പൂർണ്ണ ഹൃദയത്തോടെ യഹോവയെ അന്വേഷിക്കുന്നവർ ഭാഗ്യവാൻമാരാണ്. പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും കൂടെ യഹോവയെ അന്വേഷിച്ച ഒരു വ്യക്തി ആയിരുന്നു ആസ എന്ന രാജാവ് . ആസ എന്ന വാക്കിന്റെ

അർത്ഥം വൈദ്യൻ എന്നാണ്. രോഗത്തിനനുസരിച്ച് മരുന്നു നൽകുന്ന വ്യക്തിയാണ് വൈദ്യൻ. ഇവിടെ ആസ എന്ന വൈദ്യന് ഒരു മരുന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ മറ്റുള്ളവർക്ക് നൽകുവാൻ. ഈ നിർദ്ദേശം അദ്ദേഹത്തിന് ലഭിച്ചത് അസര്യ്യാവിന്റെ മേൽ വന്ന ദൈവാത്മാവിൽ നിന്നുമായിരുന്നു.

***പൂർണ്ണ ഹൃദയത്തോടെ യഹോവയെ അന്വേഷിക്കുന്നവർക്കുള്ള നന്മകൾ എന്തെല്ലാം.***

***1. സ്വസ്ഥത ഉണ്ടാകുന്നു.***

യഹോവയെ അന്വേഷിക്കുന്നവർ വഴിയിലെ സകലവും തിരിച്ചറിയുകയും , ദുഷ്ടൻമാരോടും അവരുടെ പ്രവർത്തികളോടും എതിർക്കുകയും ചെയ്യുന്നു. സദൃ: 28:4,5 ന്യായപ്രമാണത്തോട് പ്രീയമുള്ളവർക്ക് മഹാസമാധമുണ്ട്. അവർക്ക് വീഴ്ചയ്ക്ക് സംഗതി ഏതുമില്ല എന്ന് സങ്കീ: (119:165) ൽ കാണുന്നു. മഹാസമാധാനം നൽകുന്നവർക്ക് സ്വസ്ഥത നൽകി ദൈവം അനുഗ്രഹിക്കുന്നു. യഹോവയ്ക്ക് പ്രസാദമായത് ചെയ്തതു മൂലമാണ് ആസാ രാജാവിന് സ്വസ്ഥത ലഭിച്ചത്. എന്തെല്ലാമാണ് രാജാവ് ചെയ്തത് എന്ന് 2 ദിന:14:2-5 വരെയുള്ള ഭാഗത്ത് കാണുന്നു.

***2. പ്രതികൂലത്തെ നോക്കി ഭാരപ്പെടുന്നില്ല.***

മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുക അതോടെ സകലവും നമുക്ക് നൽകും എന്ന വാഗ്ദത്തം നൽകിയ യജമാനൻ ആവശ്യപ്പെടുന്നത് ഒന്നിനെക്കുറിച്ചും ഭാരപ്പെടാതെ നമ്മുടെ ആവശ്യങ്ങളെ സ്തോത്രത്തോടെ ദൈവസന്നിധിയിൽ അറിയിക്കുവാനത്രെ . സ്വസ്തത ലഭിച്ചപ്പോഴും രാജാവായ ആസ യഹോവയ്ക്കു വേണ്ടി പ്രവർത്തിച്ചു. 2ദിന:(14:6,7), (15:1) യഹോവയുടെ കൂടെയിരുന്നാലേ യഹോവ കൂടെ കാണുകയുള്ളൂ. ദൈവഹിതമില്ലാത്തത് ഭയമില്ലാതെ മാറ്റിയവൻ സ്വസ്ഥത നിലനിർത്തുവാൻ പട്ടണത്തെ ഉറപ്പുള്ളതാക്കി. അതിന് ക്രിസ്തുവാകുന്ന അടിസ്ഥാനത്തിൽ വിശ്വാസത്തോടെ മതിൽ പണിത് പ്രാർത്ഥനാ ഗോപുരങ്ങൾ ഉയർത്തി. ന്യായപ്രമാണമാകുന്ന വാതിൽ വയ്ക്കുകയും അതിനെ ജനത്തിലേക്ക് പകരുവാൻ ഉപദേശമാകുന്ന ഓടാമ്പലുകളായി യോഗ്യതയുള്ളവരെ നിയമിച്ചു.

***3. അന്വേഷിച്ചവനെ രുചിച്ചറിഞ്ഞു.***

"To seek God doesn't narrow one's life, rather it brings it to the level of highest possible fulfilment"

A.W.Tozer

തന്നെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുന്നവരുടെ വഴി വിശാലമാക്കുന്നവനാണ് കർത്താവ്. യഹോവയെ അന്വേഷിക്കാതെ ,ന്യായപ്രമാണം കേൾക്കാതെ ചെവി തിരിച്ചു കളയുന്നവന്റെ പ്രാർത്ഥന യഹോവയ്ക്ക് വെറുപ്പാകുന്നു. യഹോവയെ

അന്വേഷിച്ച ആസയ്ക്ക് വിജയത്തിന്റെ പാത തുറന്ന ബലവാനായ ദൈവത്തെ 2ദിന:(14:11,12) വാക്യങ്ങളിൽ കാണാം.

***4. യഹോവയെ അന്വേഷിച്ചവരെ ശത്രു ഭയപ്പെടുന്നു.***

യോശുവ (2:9) ൽ രഹബിന്റെ വാക്കുകൾ ഇതിന് ഉദാഹരണമാണ്.ആസയുടെ രാജ്യം നശിപ്പിക്കുവാൻ വന്നവർ യഹോവ നൽകിയ വിജയം കണ്ട് യഹോവയോടുള്ള ഭീതി നിമിത്തം ഓടിപ്പോയി. Read 2ദിന 14:14.അതേസമയം ആസയോടും ജനത്തോടും കൂടെ യഹോവയുണ്ടെന്ന് അറിഞ്ഞ യിസ്രായേല്യൻ അവിടെ നിന്ന് വന്ന് ആസയോടൊപ്പം ചേർന്നു.

***5. സത്യത്തിൽ സന്തോഷിപ്പാൻ കഴിയുന്നു***

Read 2ദിന : 15:12-15

യഹോവയെ അന്വേഷിക്കുവാൻ തീരുമാനം എടുത്ത ജനം തങ്ങളുടെ സത്യത്തിൽ സന്തോഷിക്കുന്നു. പ്രീയമുള്ളവരേ ! കർത്താവിനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കും എന്ന തീരുമാനം എടുത്ത നമുക്ക് നമ്മുടെ ജീവിതത്തിൽ വിഗ്രഹങ്ങളായി നിലനിർത്തിയവയെ നീക്കിക്കളയാം. സ്വർഗ്ഗത്തിൽ നിന്ന് നമ്മുടെ പ്രാർത്ഥന കേട്ട് പാപം ക്ഷമിച്ച് നമുക്കും നമ്മുടെ ദേശത്തിനും സൗഖ്യം തരുന്നവനെ പൂർണ്ണഹൃദയത്തോടെ അന്വേഷിക്കാം. ദൈവം നമ്മെ ബലപ്പെടുത്തട്ടെ.


*ശാന്തമ്മ വർഗ്ഗീസ്*

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg